# യൂണിറ്റ് – 1 എന്റെ കേരളം

## ഒന്നാം ദിവസം

**ആമുഖം**

പൂർണമായും ആശയാവതരണ രീതി സ്വീകരിച്ചു കൊണ്ട് പുതിയ ഭാഷാ സമീപനത്തിലൂന്നി രണ്ടാം ക്ലാസിലേക്ക് വികസിപ്പിച്ച് പ്രായോഗികമാക്കിയ ഭാഷാ വികസന പ്രവർത്തന പാക്കേജാണിത്. രണ്ടാം ക്ലാസിലെ നിലവിലെ പാഠപുസ്തകത്തെ ആശയാവതരണ രീതിയിൽ വിനിമയം ചെയ്യാൻ അനുഭവപ്പെടുന്ന പ്രായോഗിക ബുദ്ധിമുട്ട് മറികടന്നുകൊണ്ട് തയാറാക്കിയ മൂന്നു പുതു പാഠങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന മൂന്നു യൂണിറ്റുകളാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.നിലവിലെ പാഠപുസ്തകത്തെ പുതുപാഠവുമായി കണ്ണി ചേർക്കാൻ കഴിയുന്ന സന്ദർഭങ്ങളും പരമാവധി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഓരോ പാഠത്തിലും ഊന്നൽ നൽകിയിരിക്കുന്ന അക്ഷരങ്ങൾ കൃത്യതപ്പെടുത്തിയിട്ടുണ്ട്. ഓരോ അക്ഷരത്തിലും പുനരനുഭവ സന്ദർഭങ്ങൾ അത് പാഠങ്ങളിലും തുടർപാഠങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ആശയാവതരണ സമീപനത്തിൽ അധിഷ്ഠിതമായി പുതു പാഠങ്ങൾ വിനിമയം ചെയ്യുന്നതിന്റെ സൂക്ഷ്മ തല പ്രക്രിയ വിവരിച്ചിട്ടുണ്ട്.ആശയാവതരണ രീതിയും സമീപനവും പാലിച്ചു കൊണ്ട് പാക്കേജ് നടപ്പിലാക്കുന്ന രീതിയും സവിശേഷതകളും അനുബന്ധ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

**സമയം ഒന്നര മണിക്കൂർ**

- കുട്ടികളുമായി അനൗപചാരിക സംഭാഷണം
- ടീച്ചർ പുഴയെ കുറിച്ച് ഒരു പാട്ടു പാടുന്നു

***'കുഞ്ഞു പുഴേ കുഞ്ഞു പുഴേ***

***എവിടുന്നോടി വരുന്നു നീ'***

എവിടുന്നാണ് പുഴ വരുന്നുണ്ടാവുക?

**സ്വതന്ത്ര പ്രതികരണം** :ബോർഡിൽ രേഖപ്പെടുത്താം

എവിടുന്നാണ് വരുന്നത് എന്ന് അറിയണ്ടേ ?

***'അങ്ങകലെ മലയിൽ നിന്നും***

***ചാടിത്തുള്ളി വരുന്നു ഞാൻ'***

ടീച്ചർ ഈണമിട്ട് താളമിട്ട് പാടുന്നു കുട്ടികൾ ഒപ്പം ചേരുന്നു

പുഴ ഒഴുകി ഒഴുകി നാട്ടിലേക്ക് വരുന്ന വഴിയിൽ പുഴക്ക് ഒരാശ ഫോട്ടോ എടുക്കണം എങ്ങനെ എടുക്കുംപുഴയുടെ ചിത്രം ഉണ്ട്? നിങ്ങൾക്ക് കാണണോ? നമുക്ക് ഈ ചിത്രം പുസ്തകത്തിലേക്ക് ഒട്ടിച്ചാലോ

കൊണ്ടുവന്നാലോ?

- കുട്ടികൾക്ക് നീലക്കടലാസ് പുഴയുടെ ആകൃതിയിൽ മുറിച്ചത് നൽകുന്നു

ചിത്രം നോട്ടുബുക്കിന്റെ ??വലതുഭാഗത്ത്?? ഒട്ടിക്കാൻ അല്പം മുകളിലായി ഓടിക്കാൻ നിർദ്ദേശിക്കണം ആദ്യത്തെ പ്രാവശ്യം അധ്യാപിക സഹായിക്കണം

പുഴയൊട്ടിച്ചല്ലോ? എന്താണ് എഴുതുക

പുഴ

അധ്യാപിക ചാർട്ടിൽ പറഞ്ഞുകൊണ്ട് വടിവ് പാലിച്ചെഴുതുന്നു

കുട്ടികൾ പറഞ്ഞുകൊണ്ട് പുസ്തകത്തിൽ??ഇടതുഭാഗത്ത്?? എഴുതുന്നു

പുഴ എന്താണ് ചെയ്യുന്നത് ?

ഒഴുകുന്നു.

ഒഴുകുന്നത് പുഴയോട് ചേർത്തു പറഞ്ഞാലോ

ഒഴുകുന്ന പുഴ

എങ്ങനെയാണ് പുഴ ഒഴുകുന്നത് നമുക്ക് മനസിലായത് –

കണ്ടിട്ട്

കാണാതിരുന്നാൽ നമ്മൾ എങ്ങനെയാണ്

പാടിക്കൊണ്ടാഒഴുകുന്നത് അറിയുന്നത് ?

എല്ലാവരും ഒന്ന് കണ്ണടച്ചേ...

പുഴ ഒഴുകുന്ന ശബ്ദം (ഓഡിയോ കേൾപ്പിക്കുന്നു. - ഒഴുകുന്നത് കേട്ടില്ലേ ? എന്ത് ഇമ്പമാണ് കേൾക്കാൻ ?

പുഴ വർത്താനം പറയുകയാണോ പാടുകയാണോ ?

പാടുകയാണ്.

നേരത്തെ ഒഴുകുന്ന ചേർത്ത് പറഞ്ഞതു പോലെ

പാടുന്ന – വിശേഷണം ചേർത്തു പറയാമോ?

പാടുന്ന പുഴ

(ചാർട്ടിൽ **പാടുന്ന** – എന്ന് മാത്രം എഴുതണം – പുഴ എന്നത് കുട്ടികൾ തെളിവെടുത്തഴുതണം)

(എഴുതുന്ന സമയത്ത് ഓരോ കുട്ടിയെയും വ്യക്തിഗതമായി ശ്രദ്ധിക്കണം തൽസമയ വിലയിരുത്തലിൽ പിന്തുണ ആവശ്യമുള്ളവർക്ക് ടീച്ചറുടെ നോട്ടിലോ ചാർട്ടിലോ പിന്തുണാ ബുക്കിലോ ഹൈലൈറ്റർ കൊണ് എഴുതിക്കാണിക്കുകയും കുട്ടിയെ അതിന് മുകളിൽ പുഴ എന്ന് എഴുതിക്കുകയോ ചെയ്യാം )

പാട്ട് ഒന്നുകൂടെ കേൾപ്പിക്കാം –

എങ്ങനെയാണ് പുഴ പാടുന്നത് അറിയില്ലേ ?

കള കളം പാടുന്നു

പുഴയെ വിശേഷണം ചേർന്ന് പറയു

**കളകളം പാടുന്ന പുഴ .**

(കളകളം മാത്രം എഴുതിയാൽ മതി. - പാടുന്ന പുഴ - തെളിവെടുത്ത് എഴുതണം)

എങ്ങനെയാണ് പുഴ കഴുകുന്നത് ?

കളം കളം പാടി ഒഴുകുന്ന പുഴ.

(ചാർട്ടിൽ കളം കളം പാടി - എന്ന് മാത്രം എഴുതണം - പുഴ എന്നത് കുട്ടികൾ തെളിവെടുത്തഴുതണം)

| |
|---|
| പുഴ |
| ഒഴുകുന്ന പുഴ |
| പാടുന്ന പുഴ |
| കള കളം പാടുന്ന പുഴ |
| കളം കളം പാടി ഒഴുകുന്ന പുഴ |

ടീച്ചർ ചാർട്ടിൽ എഴുതിയതിനു ശേഷം പറഞ്ഞുകൊണ്ട് കുട്ടികൾ നോട്ടുബുക്കിൽ താഴെ താഴെ താഴെ എഴുതി പൂർത്തിയാക്കുന്നു എഴുതിയതിനു ശേഷം

**വായന**

നാലു കുട്ടികളെ വീതം ഉള്ള ഗ്രൂപ്പ് ആക്കുന്നു

ഓരോ ഗ്രൂപ്പിനെയും ചാർട്ടിനടുത്തു കൊണ്ടുവന്നു ടീച്ചർ കാണിക്കുന്ന വാക്കുകൾ വായിക്കുന്നു

എത്ര പുഴ എഴുതിയിട്ടുണ്ട് ? കയ്യിൽ കാണിച്ചേ - അത്രയും പുഴ തൊട്ടു കാണിക്കാൻ ആവശ്യപ്പെടുന്നു

പുഴ എന്തൊക്കെ ചെയ്യുന്നുണ്ട്,എന്നാണ് പറഞ്ഞിരിക്കുന്നത്

ഒഴുകുന്ന - പാടുന്ന -

തൊട്ടു കാണിക്കുന്നു വായിക്കുന്നു

എല്ലാ കുട്ടികളെയും പരിഗണിക്കണം

## രണ്ടാം ദിവസം

പുഴ നാട്ടിലേക്ക് ഒഴുകി വരുന്നതിനിടയിൽ എന്തൊക്കെ കാഴ്ചകൾ കണ്ടിട്ടുണ്ടാകും?

സ്വതന്ത്ര പ്രതികരണം

നമുക്കും  കാട് ഉണ്ടാക്കിയാലോ

വ്യത്യസ്ത തരത്തിലുള്ള പച്ചനിറങ്ങൾ കാടിൻറെ ആകൃതിയിൽ വെട്ടിയത് നൽകുന്നു

**കാട്** - ടീച്ചർ എഴുതുന്നു - കുട്ടികൾ എഴുതുന്നു.

കാട് നമുക്ക് മനോഹരമാക്കാം ?

എങ്ങനെ ?

പൂക്കൾ നൽകുന്നു.

ഒട്ടിക്കാൻ സഹായിക്കുന്നു

തുടർന്ന് എഴുത്തിലേക്ക്

പുഴയുടെ അക്കരെ എന്തുണ്ട്?

കാട്

കാടുനിറയെ എന്താണ് ?

പൂക്കൾ

പൂക്കൾ നിറഞ്ഞ കാട് - **പൂത്ത കാട്**

(പൂത്ത മാത്രം എഴുതിയാൽ മതി - കാട് തെളിവെടുത്തെഴുതണം)

കാടിലപ്പോൾ മലർ വിരിഞ്ഞിരിക്കുന്നല്ലോ...നല്ല ഭംഗിയുണ്ടല്ലേ

എത്ര തരം മലരുകൾ ഉണ്ട് നമ്മുടെ കാട്ടിൽ ?

പച്ച, വയലറ്റ്, ചുവപ്പ്.

പുഴ വിശേഷണം ചേർത്തു പറഞ്ഞില്ലേ ? കാടിനെ എങ്ങനെ വിശേഷിപ്പിക്കും?

**മലർ വിരിഞ്ഞ കാട്**

**മലരണിഞ്ഞ കാട്**

നിറയെ മലരണിഞ്ഞത് കാണാൻനല്ല മോടിയുണ്ട് - എന്ന് പറഞാലെന്താ? (ഭംഗിയുണ്ട്)

**മോടിയുള്ള കാട്**

ഇപ്പോൾ കാട് നിറച്ചും മലർ നിറഞ്ഞിട്ടുണ്ടല്ലോ

പുഴ മണത്തു. നല്ല മണം - പൂമണം

മലർ മണം

**മലർ മണമുള്ള കാട്**

ഓരോ വാക്കും എഴുതുമ്പോൾ വ്യക്തമായി ഉച്ചരിച്ച് കുട്ടികൾ കാണത്തക്കവിധത്തിൽ എഴുതണം. ടീച്ചർ എഴുതിയതിനു ശേഷമേ കുട്ടികൾ എഴുതാവൂ കുട്ടികൾ എഴുതുന്ന സമയത്ത് ഓരോ കുട്ടിയെയും ശ്രദ്ധിക്കണം. - ആവശ്യമായ പിന്തുണ നൽകണം’.

എഴുതിക്കഴിഞ്ഞതിനു ശേഷം

വായന -എല്ലാ കുട്ടികളേയും വായിപ്പിക്കണ.

വ്യത്യസ്ത തന്ത്രങ്ങൾ പ്രയോഗിക്കണം

| |
|---|
| കാട് |
| പൂത്ത കാട് |
| മലരണിഞ്ഞ കാട് |
| മോടിയുള്ള കാട് |
| മലർ മണമുള്ള കാട് |

ശേഷംടീച്ചറും കുട്ടികളും ചേർന്ന് എഴുതിയ പാഠംതാളാത്മകമായി വായിക്കണം.

| |
|---|
| പാടുന്ന പുഴയുണ്ട് |
| ഒഴുകുന്ന പുഴയുണ്ട് |
| കളകളം പാടുന്ന പുഴയുണ്ട് |
| മലർ വിരിഞ്ഞ കാടുണ്ട് |
| മലരണിഞ്ഞ കാടുണ്ട് ... |
| മോടിയുള്ള മലരണിക്കാടുണ്ട് |

അതിന്റെ തുടർച്ചയായി

‘പാടും പുഴകളും തോടും
മോടി കൂടും മലരണിക്കാടും’

ഈ വരികൾ പാടി, ടീച്ചർ ഈ വരികൾ ചാർട്ടിൽ ചിത്രത്തിന് താഴെ എഴുതുന്നു.

കുട്ടികൾ നോട്ടിൽ വലതു ഭാഗത്ത് എഴുതുന്നു.വായിക്കുന്നു.

എല്ലാവരും ചേർന്ന് പാടുന്നു

- കുട്ടിയുടെ നോട്ടുബുക്ക് ഒരു സചിത്ര പുസ്തകമായി മാറുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ഒരുക്കിയിരിക്കുന്നത്
- ചിത്രങ്ങളും ദൃശ്യങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾച്ചേർന്നാണ് പാഠങ്ങൾ വളരുന്നത്.
- പുസ്തകത്തിന്റെ ഇടതുഭാഗത്തു ചിത്രങ്ങൾ വലതുഭാഗത്തു പാഠങ്ങൾ എന്ന രീതിയിലാണ് നോട്ടുബുക്ക് ക്രമീകരിക്കേണ്ടത്
- എഴുതുന്ന സമയത്ത് പറയുന്നസമയത്തും വ്യക്തമായി അക്ഷരങ്ങൾ ഉച്ചരിക്കാനും ഘടന പാലിക്കാനും അധ്യാപിക ശ്രദ്ധിക്കേണ്ടതാണ്

## മൂന്നാം ദിവസം

നോട്ട്ബുക്കിന്റെ വലതു വശത്തെ പേജിൽ ടീച്ചർ നൽകുന്ന ചിത്രം (ചോലയും മലയും) ഒട്ടിക്കാൻ നിർദേശിക്കുന്നു. വെള്ളം ഒഴുകി വരുന്നത് കാണു ന്നില്ലേ? നമുക്കതിന് നിറം നൽകിയാലൊ? എന്ത് നിറം നൽകും? ഒഴുകുന്ന വെള്ളത്തിന് നീലനിറം നൽകുന്നു. കുട്ടികൾ നോട്ട്ബുക്കിലും ടീച്ചർ ചാർട്ടിലും . മലകൾക്കിടയിലൂടെ ഒഴുകി വരുന്ന ചോല കണ്ടില്ലേ?

ചോല

ചോലയുടെ ഇരുവശങ്ങളിലും മരങ്ങൾ വരച്ച് ചേർക്കുന്നു. നിറം നൽകുന്നു.

ചോല എവിടെ നിന്നാണ് ഒഴുകി വരുന്നത് ?

മലയിൽ നിന്ന്

മലയിൽ നിന്ന് കാട്ടിലൂടെ ഒഴുകി വരുന്നു.

കാട്ടുചോല

കാട്ടുചോലയിൽ മീനുകളെ വരച്ച് ചേർക്കുന്നു. നോക്കൂ ഈ മീനുകളെ കാണണമെങ്കിൽ വെള്ളം എങ്ങനെ ആയിരിക്കണം ?

തെളിഞ്ഞതായിരിക്കണം

തെളിനീരുള്ള കാട്ടുചോല

പുഴ പാടുന്നത് കേട്ടില്ലേ? ചോലയും പാടുന്നുണ്ടാവില്ലേ?

പാടുന്ന കാട്ടുചോല

കളകളം പാടുന്ന കാട്ടുചോല

ചിത്രത്തിലെ കുന്നുകൾക്ക് നിറം നൽകുന്നു.

മേട് എന്ന പദം പരിചയപ്പെടുത്തുന്നു.

നിറം നൽകിയപ്പോൾ മേട് നല്ല അഴകായില്ലേ ?

അഴകുള്ള മേട്

മണിമേട്

**ചോല**
**കാട്ടുചോല**
**തെളിനീരുള്ള കാട്ടുചോല**
**പാടുന്ന കാട്ടുചോല**
**കളകളം പാടുന്ന കാട്ടുചോല**
**മണിമേട്**

## നാലാം ദിവസം

കുട്ടിയുടെ ബുക്കിന്റെ വലതു വശത്തെ പേജിൽ ടീച്ചർ നൽകുന്ന കടലിന്റെ ചിത്രം ഒട്ടിക്കുന്നു.

ചിത്രത്തിൽ കാണുന്നതെന്താണ്?

**കടൽ**

കടലിന്റെ വീഡിയോ കാണിക്കുന്നു. തിരകൾ കുട്ടിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

**കടലിൽ തിരകൾ**

തിരകളുടെ ചലനം എങ്ങനെ ? തിര ഒരു കുട്ടിയാണെന്ന് വിചാരിക്കൂ എങ്കിൽ ആ കുട്ടി എന്ത് ചെയ്യുന്നുവെന്നാണ് നാം  പറയുക.

**തുള്ളിക്കളിക്കുന്ന തിരകൾ**

തിരകൾക്കു നല്ല തിളക്കമുണ്ട്. അല്ലെ?

വേറെ എന്തൊക്കെ തിളങ്ങുന്നതുണ്ട്?

സ്വതന്ത്ര പ്രതികരണം

വെള്ളി പോലെയാണ് കാൽത്തിരകൾ തിളങ്ങുന്നത്.

**വെള്ളി പോലെ തിളങ്ങുന്ന തിരകൾ**

**വെള്ളിയരഞ്ഞാണു പോലെ കടൽ**

വായന

**കടൽ**
**കടലിൽ തിരകൾ**
**തുള്ളിക്കളിക്കുന്ന തിരകൾ**
**വെള്ളി പോലെ തിളങ്ങുന്ന തിരകൾ**
**വെള്ളിയരഞ്ഞാണു പോലെ കടൽ**

## അഞ്ചാം ദിവസം

വെള്ളമുള്ള എന്തൊക്കെ കാര്യങ്ങളെ കുറിച്ചാണ് നാം ഇതുവരെ പറഞ്ഞത് ?

പുഴ , ചോല, കടൽ

വെള്ളമുള്ള  വേറെ എന്തൊക്കെയുണ്ട് ?

സ്വതന്ത്ര പ്രതികരണം

കായൽ കണ്ടിട്ടുണ്ടോ

നമുക്കൊരു കായൽ ബുക്കിലേക്ക് കൊണ്ടുവന്നാലൊ?

ചിത്രം നൽകുന്നു. ഒട്ടിക്കുന്നു.

**കായൽ**

കായൽ ചെറുതൊ വലുതൊ

**വലിയ കായൽ**

പരന്നുകിടക്കുന്ന  കായൽ കായലിനപ്പുറം ദൂരെ കാണുന്നതെന്താണ്?

**മലകൾ**

എന്ത് നിറമാണ് മലകൾക്ക്

നീല നിറം

**മലകൾ**

**നീലമലകൾ**

കായൽ, നീലമലകൾ ചേർത്ത് പറഞ്ഞാലൊ?

**കായലും നീല മലയും**

വായന - Process

**കായലും നീല മലയും**

| |
|---|
| **കായൽ**<br>**വലിയ കായൽ**<br>**മലകൾ**<br>**നീലമലകൾ**<br>**കായലും നീല മലയും** |

## ആറാം ദിവസം

നമ്മളെന്തൊക്കെ കാഴ്ചക കണ്ടു?

പുഴ കണ്ടു , പാടുന്ന പുഴ

കടലു കണ്ടു , തുള്ളിക്കളിക്കുന്ന  കടൽ

കായൽ കണ്ടു , പരന്നുകിടക്കുന്ന കായൽ

വേറെ എന്തൊക്കെ കാഴ്ചകളുണ്ട് ?

വയൽ  ചിത്രം കാണിക്കുന്നു.

ചിത്രം നോട്ട് ബുക്കിൽ ഒട്ടിക്കുന്നു.

ചിത്രത്തിൽ എന്താണ് കാണുന്നത്?

**വയൽ**

നിറം എന്താണ്

**പച്ച വിരിച്ച വയൽ**

വയലിന്റെ വീഡിയോ കാണിക്കുന്നു.

നെല്ലോലകൾ ആടിയത് എപ്പോഴാണ്?

കാറ്റ് വന്നപ്പോൾ

**കാറ്റു വന്നു**

**നെല്ലോലകൾ കാറ്റിൽ  ആടി**

കാറ്റ് വന്ന്  തലോടിയപ്പോൾ നെല്ലോലകൾക്ക് സന്തോഷമായ

**വയലുകൾ കോരിത്തരിച്ചു**

വായന

| |
|---|
| **വയൽ** |
| **പച്ച വിരിച്ച വയൽ** |
| **കാറ്റു വന്നു** |
| **നെല്ലോലകൾ കാറ്റിൽ  ആടി** |
| **വയലുകൾ കോരിത്തരിച്ചു** |

## ഏഴാം ദിവസം

പുഴ ഒഴുകിയൊഴുകി വയലിനക്കരെ എത്തി. അവിടെയുള്ള മനോഹരമായ കാഴ്ചകൾ കണ്ട് പുഴക്ക് സന്തോഷമായി.

എന്തായിരിക്കും പുഴ കണ്ട കാഴ്ചകൾ ?

സ്വതന്ത്ര പ്രതികരണം.

എന്താണെന്നറിയാമോ ?

ചിത്രം നൽകുന്നു. – നിരയായി നിൽക്കുന്ന തെങ്ങുകൾ

എന്താണ് പുഴ കണ്ട കാഴ്ച ?

**തെങ്ങുകൾ**

തെങ്ങുകൾ എങ്ങനെയാണ കാണുന്നത് ?. ഒറ്റയാറ്റ യാണോ?

നിരയായി –

ഒരു നിരയേയുള്ളു ?

നിര നിരയായി –

തെങ്ങിനെ വിശേഷണം ചേർത്തു പറയാമോ ?

**നിര നിരയായി നിൽക്കുന്നതെങ്ങുകൾ**

- കാറ്റു വരുമ്പോൾ തെങ്ങോലകൾ എന്തു ചെയ്യും ?

ആടും –

**കാറ്റിലാടുന്നതെങ്ങോലകൾ**

തെങ്ങോലകൾ കാറ്റിലാടുന്നത് കണ്ടിട്ടുണ്ടോ ?

വിഡിയോ പ്രദർശിപ്പിക്കുന്നു.

കണ്ടില്ലേ ?

എത്ര മനോഹരമാണ്.

ഇതു കാണുമ്പോൾ സന്തോഷം കൊണ്ട് നൃത്തം ചെയ്യുന്നതു പോലെയുണ്ടല്ലേ.

അങ്ങനെ നൃത്തം ചെയ്യുന്ന വേറെയാരുണ്ട്?

– പ്രതികരണം

മയിൽ എങ്ങനെയാണ് നൃത്തം ചെയ്യുന്നത് ?

പ്രതികരണം

അത് പോലെയാണ് തെങ്ങോലകളും.

പീലി വിടർത്തിയാണ് ആടുന്നത്. –

**പീലിവിടർത്തിയാടുന്ന തെങ്ങോലകൾ**

പാഠരൂപീകരണത്തിനു ശേഷം വായന – വ്യത്യസ്ത തന്ത്രങ്ങൾ ഉപയോഗിച്ച്

കേരം തിങ്ങും കേരള നാട്

മാമല നാട് മലനാട്

കേരനിരകളാടും ഹരിത ചാരു തീരം....

തുടങ്ങിയ വരികൾ പരിചയപ്പെട്ടുത്തുന്നു.

ചിത്രത്തിനു താഴെ

.

പിലി നിവർത്തി നിന്നാടും

കൊച്ചു കേര മരതകത്തോപ്പും

എഴുതുന്നു. – വായിക്കുന്നു.

**തെങ്ങുകൾ**
**നിര നിരയായി നിൽക്കുന്നതെങ്ങുകൾ**
**കാറ്റിലാടുന്നതെങ്ങോലകൾ**
**പീലിവിടർത്തിയാടുന്ന തെങ്ങോലകൾ**

## എട്ടാം ദിവസം

### പാട്ടരങ്ങ്

ടീച്ചർ കവിതാ ഭാഗം എഴുതിയ പാർട്ട് പ്രദർശിപ്പിക്കുന്നു.ടീച്ചറും കുട്ടികളും ചേർന്ന് കവിത ചൊല്ലൽ .ഇടയ്ക്ക് ടീച്ചർ ഈണം മാത്രം മൂളുന്നു.കുട്ടികൾ കവിത ചൊല്ലുന്നു.കുട്ടികളെ ആറ് ഗ്രൂപ്പ് ആക്കുന്നു.വ്യത്യസ്ത തന്ത്രങ്ങൾ ഉപയോഗിച്ച് കവിത വായനയിലേക്ക് .

**നിർദ്ദേശങ്ങൾ**

- ഓരോ ഗ്രൂപ്പും ഈരണ്ട് വരികളാണ് വായിക്കേണ്ടത്.
- പ്രതിഷ്ഠ വരികൾ ഓരോ ഗ്രൂപ്പിനും നിശ്ചയിച്ച് നൽകും .ഉദാഹരണം ഗ്രൂപ്പിന് 5 6 വരികൾ
- ഒന്നാം ഗ്രൂപ്പിന് ഏഴും എട്ടും വരികൾ ....
- ടീച്ചർ നിർദ്ദേശിക്കുന്ന ഗ്രൂപ്പുകാർ അവർക്ക് നിശ്ചയിച്ച വരികൾ ചൊല്ലുന്നു.ചില ഗ്രൂപ്പുകാർക്ക് ടീച്ചർ ഈണം മൂളി കൊടുക്കുന്നു അവർ വരികൾ വായിക്കുന്നു.
- ഓരോ ഗ്രൂപ്പിനും അവർക്ക് ഇഷ്ടമുള്ള വരികൾ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് ചൊല്ലുന്നതിന് അവസരം.പ്ലേറ്റ് സ്പൂണ് ചിരട്ട തുടങ്ങിയവയാണ് വാദ്യോപകരണങ്ങളായി ഉപയോഗിക്കുന്നത്.സന്നദ്ധരായ ഗ്രൂപ്പിന് കവിത മുഴുവൻ ചൊല്ലുന്നതിന് അവസരം.

കവിതയിലേക്ക്

വെള്ളവുമായി ബന്ധപ്പെട്ട എന്തിനെക്കുറിച്ചൊക്കെയാണ് കവിതയിൽ പറഞ്ഞിട്ടുള്ളത് ?
പുഴ ,ചോല, കായൽ ....

- നീല നിറത്തിലുള്ള എന്തിനെക്കുറിച്ചൊക്കെയാണ് കവിതയിൽ പറഞ്ഞിരിക്കുന്നത് ?

നീലക്കായൽ നീലമല
മറ്റേത് നിറത്തിന്റെ കാര്യം കൂടിയാണ് കവിതയിൽ പറഞ്ഞിരിക്കുന്നത് ?
നീളേ കുളിരൊളി തിങ്ങി
എന്റെ കേരളമെന്തൊരു ഭംഗിഎന്ന വരികൾ ടീച്ചർ ചൊല്ലുന്നു.കേരളത്തിന്റെ ഭംഗി വർണ്ണിക്കുന്ന കവിതയിലെ ഏതെങ്കിലും രണ്ട് വരികൾ ടീച്ചർ നിർദ്ദേശിക്കുന്ന ഗ്രൂപ്പുകാർ ചൊല്ലി  വിശദീകരിക്കണം.മറ്റുള്ള ഗ്രൂപ്പുകൾക്ക് കൂട്ടിച്ചേർക്കുന്നതിനുള്ള അവസരം.ടീച്ചറിന്റെ ഉചിതമായ ഇടപെടലുകൾ.
വ്യത്യസ്ത വരികൾ കൂട്ടിച്ചേർത്ത് ചൊല്ലൽ ഉദാഹരണം ഒന്നാമത്തെ വരിയും നാലാമത്തെ വരിയും ചേർത്ത് ചൊല്ലുന്നു.ഇതുപോലെ കുട്ടികൾ വരികൾ ചേർത്ത് ചൊല്ലുന്നു.ടീച്ചർ വരികളുടെ ആശയം പറയുന്നു കുട്ടികൾ വരികൾ കണ്ടെത്തുന്നു.

- ഈ കവിതയിൽ ഒരു വാക്ക് മൂന്ന് തവണ ആവർത്തിച്ചിട്ടുണ്ട് ഏതാണ് ആ വാക്ക് ?ഊഹിച്ചു പറയുന്നു വായിച്ച് കണ്ടെത്തൽ .ആദ്യത്തെ രണ്ടു വരികളിൽ ഏറ്റവും കൂടുതൽ ആവർത്തിച്ചിരിക്കുന്ന അക്ഷരം ഏത് ?ഇങ്ങനെ അക്ഷരങ്ങൾ ആവർത്തിച്ചുവരുന്ന വേറെ വരികൾ ഉണ്ടോ ഉണ്ടെങ്കിൽ ആവർത്തിച്ചുവരുന്ന അക്ഷരങ്ങളും വരികളും കണ്ടെത്തുക.

## ഒൻപതാം ദിവസം

### ഒരു അവധിക്കാലത്ത്

കേരളത്തിലെ എല്ലാ സ്ഥലങ്ങളും കവിതയിൽ പറഞ്ഞിരിക്കുന്നതു പോലെയാണോ? നിങ്ങൾക്ക് വിനോദയാത്ര പോകാൻ ഇഷ്ടമുള്ള സ്ഥലങ്ങൾ ഏതൊക്കെയാണ്? നിങ്ങൾ എവിടെയൊക്കെ യാത്ര പോയിട്ടുണ്ട്.ഈ സ്ഥലങ്ങളുടെ പ്രത്യേകതകൾ എന്തൊക്കെയാണ്? എന്നീ ചോദ്യങ്ങൾ ഉന്നയിച്ചു കൊണ്ട് കുട്ടികൾക്ക് സ്വതന്ത്ര പ്രതികരണത്തിനവസരം നൽകുന്നു. വാഹനങ്ങൾ, , ആളുകൾ, റോഡുകൾ, വലിയ കടകൾ........

നഗരത്തിൽ ധാരാളം കാഴ്ചകളുണ്ടല്ലേ?

നമുക്ക് ക്ലാസ് മുറിയിൽ ഒരു നഗരം നിർമിച്ചാലോ?

അനുയോജ്യമായ തന്ത്രം ഉപയോഗിച്ച് കുട്ടികളെ 4ഗ്രൂപ്പാക്കുന്നു.നിർമാണത്തിനാവശ്യമായ സാമഗ്രികൾ ഗ്രൂപ്പിൽ നൽകുന്നു.(ചാർട്ട്,കട്ടൗട്ട്, കത്രിക,പശ,ക്രയോൺസ്).ടീച്ചർ ഓരോ ഗ്രൂപ്പിനും ആവശ്യമായ പിന്തുണ നൽകുന്നു.ഓരോ ഗ്രൂപ്പും അവരവർ തയ്യാറാക്കിയ നഗരത്തെ പ്പറ്റി പറയട്ടെ.ഓരോരുത്തർ ഓരോ വാക്യം വീതം എന്ന ക്രമത്തിൽ.

ഇത്രയും കാഴ്ചകൾ മാത്രമാണോ നഗരത്തിൽ ഉള്ളത്? നഗരത്തിന്റെ ചിത്രം എല്ലാ കുട്ടികൾക്കും നൽകുന്നു.കുട്ടികളത് നോട്ട്ബുക്കിൽ വലതുവശത്ത് ഒട്ടിക്കുന്നു.ഇടതുവശത്ത് നഗരം Process പാലിച്ചെഴുതുന്നു.

ചിത്രത്തിലെ കാഴ്ചകളിൽ ഊന്നി അനുയോജ്യമായ ചോദ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ടെക്സ്റ്റ് രൂപീകരിക്കുന്നു.

- ഏറ്റവും കൂടുതൽ കാണുന്നത് എന്താണ്?

കെട്ടിടങ്ങൾ

ഉയരമുള്ള കെട്ടിടങ്ങൾ

- ഒരുപാട് കെട്ടിടങ്ങൾ എന്നതിന് പകരം പറയാവുന്ന വാക്കുകൾ ഏതെല്ലാം? കുട്ടികൾ പ്രതികരിക്കട്ടെ. ഒത്തിരി കെട്ടിടങ്ങൾ,കുറെ കെട്ടിടങ്ങൾ, ധാരാളം കെട്ടിടങ്ങൾ...

ധാരാളം കെട്ടിടങ്ങൾ (process പാലിച്ചെഴുതുന്നു).

- കെട്ടിടങ്ങളുടെ സ്ഥാനം എങ്ങനെയാണ്?

അടുത്തടുത്ത് കെട്ടിടങ്ങൾ (process പാലിച്ചെഴുതുന്നു).
പല രീതിയിലുള്ള വായന നടക്കുന്നു.

## പത്താം ദിവസം

എല്ലാ കുട്ടികൾക്കും കറുത്ത പേപ്പർ മുറിച്ചു നൽകുന്നു.ഈ പേപ്പർ ബുക്കിന്റെ വലതുവശത്ത് ഒട്ടിച്ച് റോഡ് നിർമിക്കുന്നു.
ബുക്കിന്റെ ഇടതുവശത്ത് പ്രക്രിയ പാലിച്ചെഴുതുന്നു
റോഡുകൾ
കുട്ടികൾക്ക് വിവിധ വാഹനങ്ങളുടെ സ്റ്റിക്കർ നൽകുന്നു.അവരത് ബുക്കിലൊട്ടിക്കുന്നു.
റോഡിൽ വാഹനങ്ങൾ ബബബുക്കിന്റെ ഇടതു വശത്ത് പ്രക്രിയ പാലിച്ചെഴുതുന്നു.
റോഡിൽ ഏതൊക്കെ വാഹനങ്ങൾ?
കുട്ടികളുടെ പ്രതികരണം ടീച്ചർ ചാർട്ടിൽ രേഖപ്പെടുത്തുന്നു.

**റോഡിൽ കാറ്**
**റോഡിൽ ബസ്**
**റോഡിൽ സൈക്കിൾ**
**റോഡിൽ ജീപ്പ്**
**റോഡിൽ ലോറി**
**റോഡിൽ ബൈക്ക്**
**റോഡിൽ കാറ്,ബസ്, ജീപ്പ്**
**റോഡിൽ സൈക്കിൾ, ബൈക്ക്**
**റോഡിൽ ലോറി, ഓട്ടോ**
**റോഡിൽ കാറും ബസും ജീപ്പും**

**റോഡിൽ സൈക്കിളും ബൈക്കും**
**റോഡിൽ ലോറിയും ഓട്ടോയും**
**റോഡിൽ പലതരം വാഹനങ്ങൾ**
**തലങ്ങും വിലങ്ങും വാഹനങ്ങൾ**
**പ്രക്രിയ പാലിച്ചെഴുതുന്നു,വായിക്കുന്നു.**

## പതിനൊന്നാം ദിവസം

### ക്ലാസ്സിൽ ഒരു ട്രാഫിക് കളി

ക്ലാസ്സിൽ രമല്യേശിഴ ുമുല്യ ഉപയോഗിച്ച് റോഡ് ഒട്ടിക്കുന്നു.റോഡിലൂടെ കുട്ടികൾ വാഹനങ്ങളായി വേഗത്തിൽ വരുന്നു.റോഡിൽ നിയന്ത്രണങ്ങളില്ലെങ്കിലുള്ള ബുദ്ധിമുട്ട് കുട്ടികൾക്ക് മനസ്സിലാകുന്നു.

ടീച്ചറും കുട്ടികളും ചേർന്ന് സീബ്രാ ലൈൻ വരയ്ക്കുന്നു.ഒരു കുട്ടി ട്രാഫിക് പോലീസായി നിൽക്കുന്നു.പോലീസ് കാണിക്കുന്ന സിഗ്നലിനനുസരിച്ച് വാഹനങ്ങൾ/ആളുകൾ റോഡിലൂടെ പോകണം.നിർദ്ദേശം തെറ്റിക്കുന്നവർ പുറത്താകും.

ബുക്കിന്റെ വലതുവശത്ത് കറുത്ത പേപ്പറിൽ സിഗ്നൽ പോസ്റ്റ് ഒട്ടിക്കുന്നു.അതിൽ ചുവന്ന പൊട്ട്.

**വണ്ടി വന്നു.**
**ഡ്രൈവർ സിഗ്നൽ കണ്ടു.**
**ചുവപ്പ് സിഗ്നൽ.**
**ബ്രേക്ക് ചവിട്ടി.**
**വണ്ടി നിന്നു.**
**ആളുകൾ നടന്നു**
**സീബ്രാ ലൈൻ കടന്നു**

വായന

എഴുത്ത്

ടെക്സ്റ്റ് (ഇടതു വശത്ത്)

ബുക്കിന്റെ വലതുവശത്ത് വീണ്ടും സിഗ്നൽ പോസ്റ്റ്.അതിൽ പച്ചപ്പൊട്ട് ഒട്ടിക്കുന്നു.

ടെക്സ്റ്റ്

പച്ച സിഗ്നൽ

വണ്ടി നീങ്ങി.

## പന്ത്രണ്ടാം ദിവസം

### കാർ നാട്ടിൻപുറത്തെത്തി.

നഗരത്തിലെ കാഴ്ചകൾ തന്നെയാണോ നാട്ടിൻപുറത്തും ?

എന്തൊക്കെയാണ് നാട്ടിൽ പുറത്തെ കാഴ്ചകൾ ?

സ്വതന്ത്ര പ്രതികരണം

ഈ കാഴ്ചകൾ തന്നെയാണോ അഭിനന്ദും നന്ദനയും കണ്ടിട്ടുണ്ടാവുക?

- page No-12 വായിച്ചു നോക്കി പദസൂര്യൻ

**എന്റെ നാട്**

ഓരോ കുട്ടികൾ ഓരോ കാഴ്ച വീതം ചാർട്ടിലെഴുതുന്നു.

പദ സൂര്യൻ പൂർത്തിയാക്കുന്നു

ഭ്യേശ എന്റെ നാട് പദ സൂര്യൻ ഭംഗിയായി അക്ഷരവടിവോടെ മറ്റൊരു ചാർട്ടിൽ പകർത്തിയെഴുതുന്നു

പദ സൂര്യനിൽ നിന്നുള്ള കാര്യങ്ങൾ കൂടി ഉൾപ്പെടത്തി എഴുതണം.

ഗ്രാമഭംഗി വ്യക്തമാക്കുന്ന ചിത്രം നൽകുന്നു.

നോട്ടിൽ നിറം നൽകി മനോഹരമാക്കുന്നു.

കവിതയിൽ നിന്നും മനസിലാക്കിയ കാര്യങ്ങളും ചിത്രത്തിലെ കാര്യങ്ങളും ഉൾപ്പെടുത്തി ഗ്രാമവർണ ന തയ്യാറാക്കന്നു

വ്യക്തിഗത അവതരണം.

ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. മെച്ചപ്പെടുത്തുന്നു.

ഗ്രൂപ്പിൽ അവതരണം.

ക്ലാസിൽ ഒരു രചന എഡിറ്റ് ചെയ്യുന്നു.

**ടീച്ചർ വേർഷൻ**

പച്ചപ്പട്ടു വിരിച്ച പാടങ്ങൾ .
നെൽക്കതിരുകൾ കാറ്റിലാടിക്കളിക്കുന്നു. അരികിലൂടെ പുഴ
കള കളം പാടി ഒഴുകുന്നുണ്ട്.
പുഴക്കരയിൽ.
നിര നിരയായി 'നിൽക്കുന്ന തെങ്ങുകൾ
തെങ്ങോലകൾ പീലി വിരിച്ചാടുന്ന കാഴ്ച വളരെ മനോഹരമാണ്.

കുട്ടികൾ എഴുതിയ നല്ല ഗ്രാമ വർണന ടീചർ വേർഷനായി നൽകാവുന്നതാണ്.

ചാർട്ടിൽ അവതരിപ്പിച്ച ടീച്ചർ വേർഷൻ വായിച്ചതിനു ശേഷം വ്യക്തിഗത മെച്ചപ്പെടുത്തൽ വിലയിരുത്തൽ.

## പതിമൂന്നാം ദിവസം

നന്ദനയുടെ ചിത്രം ഒട്ടിക്കുന്നു.(സംഭാഷളക്കുമിളയിൽ)എന്താണ് ഒരു ബഹളം? അഭി: നമുക്ക് നോക്കാം (സംഭാഷണക്കുമിളയിൽ) നന്ദന: മാഞ്ചുവട്ടിൽ നിന്നാണ് ബഹളം. അഭിനന്ദ്: മാഞ്ചുവട്ടിൽ കളിയുടെ ബഹളമാണ്. ഏതു കളിയായിരിക്കും മാഞ്ചുവട്ടിൽ കുട്ടികൾ കളിച്ചുകൊണ്ടിരുന്നിട്ടുണ്ടാവുക?സ്വതന്ത്ര പ്രതികരണം രേഖപ്പെടുത്തുന്നു. അത് നോട്ടുബുക്കിലേക്ക്. നമുക്ക് ഒരു കളി കളിച്ചാലോ?ടീച്ചർ നിർദ്ദേശങ്ങൾ പറയുന്നു.

- സംഘമായിട്ട് കളിക്കാം
- വട്ടത്തിലിരിക്കണം
- വട്ടത്തിന് പുറത്ത് ഒരു കുട്ടി നിൽക്കുന്നു.
- ഈ കുട്ടിയാണ് വിരുതൻ.
- ആ കുട്ടിയുടെ കയ്യിൽ ഒരു ചെടിയുടെ തലപ്പുണ്ടാകും.
- കുല കുലാ മുന്തിരി നരി നരി ചുറ്റി വാ എന്ന് പാടിക്കൊണ്ട് വിരുതൻ പിന്നിലൂടെ നടക്കുന്നു.
- നടക്കുന്നതിനിടയിൽ ചെടിയുടെ തലപ്പ് ഒരു കുട്ടിയുടെ പുറകിൽ അവൻ അറിയാതെ വെക്കുന്നു.
- അത് തിരിച്ചറിഞ്ഞ് ആ കുട്ടി തലപ്പുമായി വിരുതനെ പിടിക്കാൻ പോകുന്നു വിരുതൻ പിടികൊടുക്കാതെ ഈ കുട്ടിയുടെ സ്ഥാനത്തിരിക്കുന്നു. തുടർന്ന് മറ്റേ കുട്ടി വിരുതനായി കളി തുടരുന്നു.

കുട്ടികൾ കളിച്ചതിനു ശേഷം ഘട്ടങ്ങൾ ഓരോരുത്തർ ഓരോന്ന് വീതം ഓർത്തു പറയുന്നു. ടീച്ചർ ചാർട്ട് ചെയ്യുന്നു.

- കൂട്ടമായി കളിക്കാം.
- വട്ടത്തിൽ ഇരിക്കണം.
- ഒരു കുട്ടി വിരുതൻ ആവണം.
- ചെടിത്തലപ്പ് വേണം.
- പാട്ടുപാടണം .
- വട്ടത്തിൽ ഓടണം .
- ചെടിത്തലപ്പിടണം .
- വിരുതനെ പിടിക്കണം.

പ്രക്രിയ പാലിച്ച് വായന എഴുത്ത്


നന്ദനയും കൂട്ടുകാരും എന്തു കളിയാണ് കളിച്ചത്? ടെക്സ്റ്റ് ബുക്ക് പേജ് നമ്പർ 14 ഗ്രൂപ്പിൽ വായിക്കുന്നു. കളിയുടെ പേര് കണ്ടെത്തി അടിയിൽ വരയിടുന്നു. 'മാണിക്യചെമ്പഴുക്ക 'എത്ര പ്രാവശ്യം വന്നിട്ടുണ്ട്? വിരലുയർത്തി

കാണിക്കണം.(അഞ്ചു പ്രാവശ്യം). കുട്ടികൾ വന്ന് മാണിക്യച്ചെമ്പഴുക്ക എന്നെഴുതിയതിനടിയിൽ വരയിടട്ടെ. നോട്ടുബുക്കിൽ എഴുതുന്നു.

'കുല കുല മുന്തിരി' കളിക്കാൻ ഉപയോഗിച്ചഉപകരണം എന്താണ്? മാണിക്യചെമ്പഴുക്കയിൽ കളിക്കാൻ ഉപയോഗിച്ച ഉപകരണം ഏതാണ്? എല്ലാ കളികളും കളിക്കുന്നതിന് ഉപകരണം ആവശ്യമുണ്ടോ? നമ്മൾ നേരത്തെ എഴുതിയ കളികളുടെ ലിസ്റ്റിൽ നിന്നും ഉപകരണങ്ങൾ വേണ്ട കളികൾഎടുത്ത് എഴുതാമോ? അങ്ങനെയെങ്കിൽ ഉപകരണങ്ങൾ ആവശ്യമില്ലാത്ത കളി ഏതൊക്കെയാണ്നമ്മൾ കളിച്ച കളി എത്രപേർക്ക് കളിക്കാം രണ്ടുപേർക്കും മാത്രം കളിക്കാൻ പറ്റുന്ന കളികൾ ഏതൊക്കെയാണ് സംഘമായി കളിക്കാൻ പറ്റുന്ന കളികൾ ഏതൊക്കെയാണ് കുട്ടികൾ സ്വതന്ത്രമായി എഴുതുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ഗ്രൂപ്പിൻറെ അവതരണം ടീച്ചർ ചാർട്ട് ചെയ്യുന്നു കൂട്ടിച്ചേർക്കുന്നു. കുട്ടികളുടെ നോട്ടുബുക്കിലേക്ക്.

## പതിനാലാം ദിവസം

**അച്ഛാ അച്ഛാ അതാ ഒരു ജാഥ** എന്ന് തുടങ്ങുന്ന ഭാഗംചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു കഥാപാത്രങ്ങൾ ആരൊക്കെ കുട്ടികൾ കണ്ടെത്തി നോട്ടുബുക്കിൽ എഴുതുന്നു വ്യക്തിഗതം ഉപ്പയുടെ ജോലി എന്താണ് എന്ന് ചാർട്ടിലുണ്ട് അത് ഏതാണ് കണ്ടെത്തുക സന്നദ്ധതയുള്ള ഒരാൾ വന്ന് അടിവരട്ടെ ടീച്ചർ അത് സൂര്യനിൽ ആക്കുന്നു തയ്യലുമായി ബന്ധപ്പെട്ട എത്ര സാധനങ്ങളുടെ പേരറിയാം പദസൂര്യൻ പൂർത്തിയാക്കുന്നു ടീച്ചർ പൂർത്തിയാക്കുന്ന മുറക്ക് കുട്ടികൾ പ്രക്രിയ പാലിച്ച് എഴുതുകയും വായിക്കുകയും ചെയ്യുന്നുതുടർന്ന് കട ഫോക്കസ് ചെയ്യുന്നു. കടയിൽ ആണല്ലോ ഉപ്പ് ഇരുന്നു തയ്ക്കുന്നത് ആരാണ് കട ഉണ്ടാക്കിയിരിക്കുന്നത് ആരൊക്കെ കൂടിയാണ് കട നിർമ്മിച്ചിരിക്കുന്നത് ചോദ്യങ്ങളിലൂടെ കുട്ടികളെ കട എന്ന പദസൂര്യൻ പൂർത്തിയാക്കാൻ സഹായിക്കുന്നു.



ഓരോ തൊഴിലിനെപ്പറ്റി പറയുന്ന സമയത്ത് അവർ ചെയ്യുന്ന സേവനങ്ങൾ എന്തൊക്കെയാണ് എന്ന് സ്വതന്ത്രമായി പറയാനുള്ള അവസരം ഒരുക്കണം. തുടർന്ന് പാഠഭാഗത്തെ ചിത്രം പ്രദർശിപ്പിക്കുന്നു. അതിനകത്തുനിന്ന് തൊഴിലുകൾ ലിസ്റ്റ് ചെയ്യുന്നു.

സ്കൂളിന് ചുറ്റും ഒരു പഠന യാത്ര .സ്കൂളിൽ എന്തൊക്കെ തൊഴിലുകൾ ചെയ്യുന്നവർ ഉണ്ട്? അധ്യാപകർ,പാചക തൊഴിലാളി ,പ്യൂണ് ,കെട്ടിടം നിർമ്മിച്ചവർ അതുമായി ബന്ധപ്പെട്ട പരമാവധി തൊഴിലുകൾ കണ്ടെത്തുന്നു ഇങ്ങനെ അനേകം ആൾക്കാർ (ചേർന്നാണ് ഒരു പൊതു ഇടം ഉണ്ടാകുന്നത് എന്ന ആശയം രൂപീകരിക്കുന്നു പണിക്കാർ കല്ല് വെട്ടൽ കല്ല് ചത്തൽ ആശാരി മരപ്പണി ടൈൽ പണി പെയിൻറ് തുടങ്ങിയവർ വരണം ഓരോ പ്രവർത്തനങ്ങളും പറയുന്ന സമയത്ത് അതിനെ കൊണ്ട് എന്ത് ഉപകാരമാണ് എന്ന് സ്വതന്ത്രമായി പറയാൻ ഭാഷണത്തിനുള്ള അവസരം ഒരുക്കണം തുടർന്ന് പാഠഭാഗത്തെ ചിത്രം പ്രദർശിപ്പിക്കുന്നു. അതിനകത്തുനിന്ന് തൊഴിലുകൾ ലിസ്റ്റ് ചെയ്യുന്നു. ഓരോ തൊഴിലാളികളും എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്യുന്നു എന്നു പറയുന്നു. (ഭാഷണം)